## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4652      23.07. 2015 ൽ മറുപടിക്ക്

### പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കടിശ്ശിക

**ചോദ്യം**      **ഉത്തരം**

ശ്രീ. പി.സി.ജോർജ്      ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ബിൽ കടിശ്ശികയിൽ ഗാർഹിക ഉപഭോക്താക്കളുടെ ബിൽ കടിശ്ശിക എത്ര; കോമേഴ്സ്യൽ ആൾക്കാരുടെ കടിശ്ശിക എത്ര വൻകിട വ്യവസായികളുടെ കടിശ്ശിക എത്ര; ഇവകൾ പ്രത്യേകമായി വിവരിക്കുമോ : | (എ) എൽ.റ്റി. വിഭാഗത്തിലുള്ള വൈദ്യുതി ബിൽ കടിശ്ശിക ചുവടെചേർക്കുന്നു.<br><br>ഗാർഹിക ഉപഭോക്താക്കൾ: 5591.29 ലക്ഷം രൂപ<br>കൊമേഴ്സ്യൽ ഉപഭോക്താക്കൾ: 9625.83 ലക്ഷം രൂപ<br><br>31.03.2015 ലെ ത്രൈമാസ കടിശിക കണക്കുപ്രകാരം എച്ച്.റ്റി./ഇ.എച്ച്.റ്റി. മേഖലയിലെ കൊമേഴ്സ്യൽ വിഭാഗത്തിൽ 435.63 കോടി രൂപയാണ് വൻകിട വ്യവസായികളുടെ വൈദ്യുതി ചാർജ്ജ് കടിശ്ശിക. ഇതിൽ 260.95 കോടി രൂപ വ്യവഹാരങ്ങളിൽപ്പെടുന്നു. |
| (ബി) ഏറ്റവും കൂടുതൽ ബിൽ കടിശ്ശികയായുള്ള പ്രൈവറ്റ് സ്ഥാപനം ഏതാണ് : | (ബി) 31.03.15 ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കടിശ്ശികയുള്ള പ്രൈവറ്റ് സ്ഥാപനം ബിനാനി സിങ്ക് ആണ്. 48.21 കോടി രൂപ കടിശ്ശികയുള്ളതിൽ 32.47 കോടി രൂപ വ്യവഹാരങ്ങളിൽപ്പെട്ടതാണ്. ബാക്കി 15.74 കോടി രൂപ പിരിച്ചെടുക്കുന്നത് 30.08.2015 വരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തടഞ്ഞിട്ടുണ്ട്. |

| | |
|---|---|
| (സി) ഇവർക്കെതിരെ വൈദ്യുതി വിച്ഛേദിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (സി) വ്യവഹാരങ്ങളിൽ ഉൾപ്പെടാത്ത എല്ലാ ഗാർഹിക കൊമേഴ്സ്യൽ വൻകിട വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ടി സ്ഥാപനങ്ങൾ പണം ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുകയും ചെയ്തുവരുന്നു. ചില സ്ഥാപനങ്ങൾ തവണ വ്യവസ്ഥയിൽ പണം അടയ്ക്കുന്നുണ്ട്. മറ്റു ചില സ്ഥാപനങ്ങൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പണം അടച്ച് കുടിശ്ശിക തീർക്കാറുണ്ട്. വൈദ്യുതി കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ